**<u>പ്രപഞ്ചം</u>**

അമ്മയാം പ്രപഞ്ചത്തെ
അപമാനിക്കാതിരിക്ക
അമ്മയില്ലാതൊരുലകമില്ല
അമ്മയ്ക്കുതുല്യമതമ്മ മാത്രം

അമ്മതൻ വിരിമാറിലക്രമം കാട്ടിയും
അഴുക്കുഭാണ്ഡങ്ങൾ വലിച്ചെറിഞ്ഞും
അപമാനിച്ചു രസിക്കും മക്കൾ
അല്പരാം വിഡ്ഢികളാകരുതേ

അമ്മതൻ പൂമുഖത്തൊന്നാഞ്ഞുതുപ്പി
അഹങ്കരിക്കും കൊടുംപരാക്രമികൾ
അറിയുന്നില്ലവർ സ്വയം ചെയ്വതെന്തെന്ന്
അമ്മയ്ക്കു തീക്കൊള്ളി വയ്ക്കുന്നോർ

അമ്മയാം പ്രപഞ്ചം - അത്
അമ്മതൻ തേനൂറും വാത്സല്യമത്രേ
അമ്മയില്ലാതൊരുലകത്തിൽ
അതിജീവനം അതികഠിനമത്രേ.

Athul S. S.
Plus Two
THSS, Muttada